| 07-03-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ഇത് അനാദിയും അവിനാശിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്, ഇതിൽ ഏതെല്ലാം സീനുകൾ കഴിഞ്ഞുപോയോ അതെല്ലാം കല്പത്തിനുശേഷമേ വീണ്ടും ആവർത്തിക്കൂ, അതിനാൽ സദാ നിശ്ചിന്തരായിരിക്കൂ.**

**ചോദ്യം-** ഈ ലോകം അതിന്റെ തമോപ്രധാന സ്ഥിതിയിലേയ്ക്ക് എത്തിക്കഴിഞ്ഞു, എന്നതിന്റെ അടയാളങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം-** ദിനംപ്രതിദിനം ഉപദ്രവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, എത്ര ഭയങ്കരമായിരിക്കുന്നു. കള്ളന്മാർ എത്ര കൊന്നും ഉപദ്രവിച്ചും കൊള്ളയടിച്ചുകൊണ്ടുപോകുന്നു. ക്രമം തെറ്റിയ കാലവർഷമുണ്ടാകുന്നു. എത്ര നാശനഷ്ടങ്ങളുണ്ടാകുന്നു. ഇതെല്ലാം തമോപ്രധാനതയുടെ അടയാളങ്ങളാണ്. തമോപ്രധാനമായ പ്രകൃതി ദുഃഖം നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് ഡ്രാമയുടെ രഹസ്യം അറിയാം, അതിനാൽ നിങ്ങൾ പറയുന്നു, ഒന്നും പുതിയല്ല.

**ഓം ശാന്തി**. ഇപ്പോൾ നിങ്ങൾ കുട്ടികളുടെമേൽ ജ്ഞാനത്തിന്റെ മഴ പെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങളാണ് സംഗമയുഗികൾ ബാക്കി സർവ്വ മനുഷ്യരും കലിയുഗികളാണ്. ഈ സമയത്ത് ലോകത്തിൽ അനേകം മത-മതാന്തരങ്ങളുണ്ട്. നിങ്ങൾ കുട്ടികളുടേതാണെങ്കിൽ ഏകമതമാണ്. ഏകമതം ഭഗവാനിൽ നിന്നാണ് ലഭിക്കുന്നത്. അവർ ഭക്തിമാർഗ്ഗത്തിൽ ജപം-തപം -തീർത്ഥം മുതലായവ ചെയ്യുമ്പോൾ കരുതുന്നത് ഇതെല്ലാം ഭഗവാനെ കാണാനുള്ള വഴികളാണ് എന്നാണ്. ഭക്തിയ്ക്കുശേഷമേ ഭഗവാനെ ലഭിക്കൂ എന്ന് പറയുന്നു. പക്ഷേ അവർക്ക് ഭക്തി എപ്പോഴാണ് ആരംഭിച്ചത് എപ്പോൾ വരേയ്ക്ക് ഉണ്ടാകും എന്നതൊന്നും അറിയില്ല. ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും എന്നു പറയുന്നു അതിനാലാണ് അനേക പ്രകാരത്തിലുള്ള ഭക്തികൾ ചെയ്യുന്നത്. നമ്മൾ പരമ്പരകളായി ഭക്തി ചെയ്തുവരുകയാണ് എന്നതും സ്വയം മനസ്സിലാക്കുന്നുണ്ട്. ഒരു ദിവസം തീർച്ചയായും ഭഗവാനെ ലഭിക്കും. ഭഗവാൻ എന്തു നൽകും? തീർച്ചയായും സദ്ഗതി നൽകും എന്തെന്നാൽ ഭഗവാൻ സർവ്വരുടേയും സദ്ഗതി ദാതാവാണ്. ഭഗവാൻ ആരാണ്, എപ്പോൾ വരും, എന്നതും അറിയില്ല. ഓരോരോ മഹിമകൾ പാടുന്നു, പറയുന്നു ഭഗവാൻ പതിത പാവനനാണ്, ജ്ഞാനസാഗരനാണെന്ന്. ജ്ഞാനത്തിലൂടെയേ സദ്ഗതി ഉണ്ടാകൂ. ഇതും അറിയാം ഭഗവാൻ നിരാകാരനാണ്. എങ്ങനെയാണോ നമ്മൾ ആത്മാക്കൾ നിരാകാരം അതുപോലെ, പിന്നീടാണ് ശരീരം എടുക്കുന്നത്. നമ്മൾ ആത്മാക്കളും ബാബയോടൊപ്പം പരമധാമത്തിൽ വസിക്കുന്നവരാണ്. നമ്മൾ ഇവിടെ വസിക്കുന്നവരല്ല. എവിടെ വസിക്കുന്നവരാണ്, ഇതും യഥാർത്ഥരീതിയിൽ പറയുന്നില്ല. ചിലർ കരുതുന്നത്- ഞങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോകും എന്നാണ്. ഇപ്പോൾ നേരേ സ്വർഗ്ഗത്തിലേയ്ക്ക് ആർക്കും പോകാൻ കഴിയില്ല. പിന്നെ ചിലർ ജ്യോതി ജ്യോതിയിൽ ലയിക്കും എന്നു പറയുന്നു. ഇതും തെറ്റാണ്. ആത്മാവിനെ വിനാശിയാക്കി മാറ്റുന്നു. മോക്ഷം ലഭിക്കുകയില്ല. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും.... എന്നാണ് പറയുന്നത് ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. പക്ഷേ ചക്രം എങ്ങനെയാണ് കറങ്ങുന്നത് ഇത് അറിയില്ല. ചക്രത്തേയും അറിയില്ല, ഈശ്വരനേയും അറിയില്ല. ഭക്തിമാർഗ്ഗത്തിൽ എത്ര അലയുന്നു. ഭഗവാൻ ആരാണ് എന്നത് നിങ്ങൾക്ക് അറിയാം. ഭഗവാനെ അച്ഛൻ എന്നും വിളിക്കുന്നുണ്ട് എങ്കിൽ ബുദ്ധിയിൽ വരേണ്ടതല്ലേ. ലൗകിക പിതാവുണ്ട് എന്നിട്ടും നമ്മൾ ഭഗവാനെ ഓർമ്മിക്കുന്നു അതിനാൽ രണ്ട് അച്ഛന്മാരായി- ലൗകികവും പാരലൗകികവും. ആ പാരലൗകിക പിതാവിനെ കാണാനാണ് ഇത്രയും ഭക്തി ചെയ്യുന്നത്. അവർ പരലോകത്താണ് വസിക്കുന്നത്. നിരാകാരീ ലോകവും തീർച്ചയായും ഉണ്ട്.

നിങ്ങൾക്ക് നന്നായി അറിയാം- മനുഷ്യർ എന്തെല്ലാം ചെയ്യുന്നുണ്ടോ അതെല്ലാം ഭക്തിമാർഗ്ഗമാണ്. രാവണരാജ്യത്തിൽ ഭക്തിതന്നെ ഭക്തിയാണ് നടന്നുവന്നത്. ജ്ഞാനം ഉണ്ടാകില്ല. ഭക്തിയിലൂടെ ഒരിയ്ക്കലും സദ്ഗതി ഉണ്ടാവില്ല. സദ്ഗതി നൽകുന്ന ബാബയെ ഓർമ്മിക്കുകയാണെങ്കിൽ തീർച്ചയായും ബാബ ഒരിയ്ക്കൽ വന്ന് സദ്ഗതി നൽകും. നിങ്ങൾക്ക് അറിയാം ഇത് തീർത്തും തമോപ്രധാനമായ ലോകമാണ്. സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമാണ്, എത്ര ഉപദ്രവങ്ങളാണ് ഉണ്ടാകുന്നത്. വളരെ ഭയാനകമായിരിക്കുന്നു. കള്ളനും മോഷ്ടിച്ചുകൊണ്ടുപോകുന്നു. കൊല്ലുകയും ഉപദ്രവിക്കുകയും ചെയ്തിട്ടാണ് കള്ളൻ കൊള്ളയടിക്കുന്നത്. ഇങ്ങനെയുള്ള മരുന്നുകളുണ്ട്, അത് മണപ്പിച്ച് ബോധം കെടുത്തും. ഇതാണ് രാവണരാജ്യം. ഇത് വളരെ വലിയ പരിധിയില്ലാത്ത കളിയാണ്. ഇതിന് കറങ്ങാൻ 5000 വർഷങ്ങൾ എടുക്കും. കളിയും ഡ്രാമ പോലെയാണ്. നാടകം എന്ന് പറയില്ല. നാടകത്തിൽ അഥവാ ഏതെങ്കിലും ഒരു അഭിനേതാവിന് അസുഖമാണെങ്കിൽ പകരം വെക്കാൻ സാധിക്കും. ഇതിലാണെങ്കിൽ ഇത്തരം കാര്യ

ങ്ങൾ സാധ്യമല്ല. ഇത് അനാദിയായ ഡ്രാമയല്ലേ. അഥവാ ആർക്കെങ്കിലും അസുഖം വന്നു എന്നു കരുതൂ ഇങ്ങനെ അസുഖം വരണം എന്നതും ഡ്രാമയിലെ അവരുടെ പാർട്ടാണ് എന്നാണ് പറയുക. ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്. മറ്റാരോടെങ്കിലും ഡ്രാമാ എന്നു പറഞ്ഞാൽ അവർ ആശയക്കുഴപ്പത്തിലാകും. നിങ്ങൾക്ക് അറിയാം ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. കല്പത്തിനുശേഷവും ഇതേ അഭിനേതാക്കൾ ഉണ്ടാകും. എങ്ങനെയാണോ ഇപ്പോൾ മഴപെയ്യുന്നത് അതുപോലെത്തന്നെ അടുത്തകല്പത്തിലും പെയ്യും. ഇതേ ഉപദ്രവം ഉണ്ടാകും. നിങ്ങൾ കുട്ടികൾക്ക് അറിയാം ജ്ഞാനത്തിന്റെ മഴ എല്ലാവരുടേയും മേലെ പതിക്കില്ല പക്ഷേ ജ്ഞാനസാഗരൻ വന്നിരിക്കുന്നു എന്ന ഈ ശബ്ദം തീർച്ചയായും എല്ലാവരുടേയും കാതുകളിൽ പതിക്കും. നിങ്ങൾക്ക് മുഖ്യം യോഗമാണ്. ജ്ഞാനവും നിങ്ങളാണ് കേൾക്കുന്നത് ബാക്കി മഴ മുഴുവൻ ലോകത്തിലും പെയ്യുന്നുണ്ട്. നിങ്ങളുടെ യോഗത്തിലൂടെ സ്ഥായിയായ ശാന്തി ഉണ്ടാകുന്നു. നിങ്ങൾ എല്ലാവരേയും കേൾപ്പിക്കുന്നു സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നതിനായി ഭഗവാൻ വന്നിരിക്കുന്നുവെന്ന്, പക്ഷേ ഇങ്ങനെയും ഒരുപാടുപേരുണ്ട് അവർ സ്വയം ഭഗവാനാണ് എന്ന് കരുതി ഇരിക്കുകയാണ്, അതിനാൽ നിങ്ങൾ പറയുന്നത് ആര് അംഗീകരിക്കും അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് കോടികളിൽ ചിലരേ വരുകയുള്ളു. ഭഗവാനായ അച്ഛൻ വന്നിരിക്കുന്നു എന്നത് നിങ്ങളും നമ്പർവൈസ് ആയാണ് അറിയുന്നത്. ബാബയിൽ നിന്നും സമ്പത്ത് നേടുകയാണ് വേണ്ടത്. എങ്ങനെ ബാബയെ ഓർമ്മിക്കണം എന്നതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു. മനുഷ്യരാണെങ്കിൽ ദേഹാഭിമാനികളായി മാറിയിരിക്കുന്നു. ബാബ പറയുന്നു ഞാൻ വരുന്നത് മുഴുവൻ മനുഷ്യരും പതിതരായി മാറുമ്പോളാണ്. നിങ്ങൾ എത്ര തമോപ്രധാനമായി മാറിയിരിക്കുന്നു. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ സതോപ്രധാനമാക്കി മാറ്റുന്നതിനായി. കല്പം മുമ്പും ഞാൻ നിങ്ങൾക്ക് ഇങ്ങനെ തന്നെയാണ് മനസ്സിലാക്കിത്തന്നത്. നിങ്ങൾ എങ്ങനെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും? എന്നെ ഓർമ്മിക്കുകമാത്രം ചെയ്യു. ഞാൻ വന്നിരിക്കുകയാണ് നിങ്ങൾക്ക് എന്റേയും രചനയുടേയും പരിചയം നൽകുന്നതിന്. ആ അച്ഛനെ രാവണരാജ്യത്തിൽ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. ആത്മാവ് തന്റെ അച്ഛനെ ഓർമ്മിക്കുന്നു. ബാബ അശരീരിയായ ബിന്ദുവല്ലേ. പിന്നീട് അവർക്ക് പേരുവെച്ചതാണ്. നിങ്ങളെ സാലിഗ്രാമങ്ങളെന്നും അച്ഛനെ ശിവനെന്നും വിളിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് ശരീരത്തിനുമേലാണ് പേര്. ബാബ പരമാത്മാവാണ്. ബാബയ്ക്ക് ശരീരം ധാരണ ചെയ്യേണ്ടതില്ല. ബാബ ഇവരിൽ പ്രവേശിച്ചിരിക്കുകയാണ്. ഇത് ബ്രഹ്മാശരീരമാണ്, ഇവരെ ശിവൻ എന്ന് വിളിക്കില്ല. ആത്മാവ് എന്ന പേര് നിങ്ങളുടേത് തന്നെയാണ് പിന്നീട് നിങ്ങൾ ശരീരത്തിലേയ്ക്ക് വരുന്നു. പരമാത്മാവാണ് സർവ്വാത്മാക്കളുടേയും പിതാവ്. അതിനാൽ എല്ലാവർക്കും രണ്ടച്ഛന്മാരായി. ഒന്ന് നിരാകാരി, രണ്ടാമത് സാകാരി. ഇവരെ പിന്നെ അലൗകിക അത്ഭുതകരമായ അച്ഛൻ എന്നും പറയുന്നു. എത്ര അധികം കുട്ടികളാണ്. മനുഷ്യർക്ക് ഇത് മനസ്സിലാകില്ല– പ്രജാപിതാ ബ്രഹ്മാകുമാരന്മാരും കുമാരിമാരും ഇത്രയും അധികമുണ്ട്, ഇത് എന്താണ്, ഏതുപ്രകാരത്തിലുള്ള ധർമ്മമാണ്! മനസ്സിലാക്കാൻ കഴിയില്ല. നിങ്ങൾക്ക് അറിയാം ഈ കുമാരീ കുമാരന്മാർ എന്നത് പ്രവൃത്തി മാർഗ്ഗത്തിലെ പദങ്ങളാണ്. അമ്മ, അച്ഛൻ, കുമാരി, കുമാരൻ. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ ഓർമ്മിക്കുന്നുണ്ട് അങ്ങ് മാതാവും പിതാവുമാണ്.......... ഇപ്പോൾ നിങ്ങൾക്ക് മാതാ–പിതാവിനെ ലഭിച്ചിരിക്കുന്നു, നിങ്ങളെ ദത്തെടുത്തിരിക്കുകയാണ്. സത്യയുഗത്തിൽ ദത്തെടുക്കാറില്ല. അവിടെ ദത്തെടുക്കുക എന്ന വാക്കേയില്ല. ഇവിടെ പിന്നെയും പേരുണ്ട്. അത് പരിധിയുള്ള അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. പരിധിയില്ലാത്ത ദത്തെടുക്കലാണ്. ഈ കാര്യങ്ങൾ വളരെ ഗുഹ്യമായ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾ കുട്ടികൾ പൂർണ്ണമായും ആർക്കും മനസ്സിലാക്കിക്കൊടുക്കുന്നില്ല. ആദ്യമാദ്യം ആരെങ്കിലും ഉള്ളിലേയ്ക്ക് വരുകയാണെങ്കിൽ, ഗുരുവിന്റെ ദർശനം ചെയ്യാൻ വന്നതാണ് എന്ന് പറയും, എങ്കിൽ നിങ്ങൾ പറയൂ  ഇത് ക്ഷേത്രമല്ല. നോക്കൂ ബോർഡിൽ എന്താണ് എഴുതിയിരിക്കുന്നത്! ബ്രഹ്മാകുമാരീ കുമാരന്മാർ അനവധിയുണ്ട്. ഇവർ എല്ലാവരും പ്രജാപിതാവിന്റെ കുട്ടികളായി. നിങ്ങളും പ്രജകളാണ്. ഭഗവാൻ സൃഷ്ടി രചിക്കുന്നു, ബ്രഹ്മാ മുഖ കമലത്തിലൂടെ ഞങ്ങളെ രചിച്ചു. ഞങ്ങൾ പുതിയ സൃഷ്ടിയുടേതാണ്, നിങ്ങൾ പഴയ സൃഷ്ടിയുടേതും. പുതിയ സൃഷ്ടിയുടേതാകേണ്ടത് സംഗമയുഗത്തിലാണ്. ഇതാണ് പുരുഷോത്തമനായി മാറുന്നതിനുള്ള യുഗം. നിങ്ങൾ സംഗമയുഗത്തിൽ നിൽക്കുകയാണ്, അവർ കലിയുഗത്തിൽ നിൽക്കുകയാണ് ഭാഗം വെച്ചതുപോലെയാണ്. നോക്കൂ ഇന്നുകാലത്ത് എത്ര ഭാഗപ്പിരിവുകളാണ്. ഓരോ ധർമ്മത്തിലുള്ളവരും കരുതുന്നു ഞങ്ങൾ ഞങ്ങളുടെ പ്രജകളെ സംരക്ഷിക്കും, തന്റെ ധർമ്മത്തേയും കൂടെയുള്ളവരേയും സുഖിയാക്കും അതിനാൽ ഓരോരുത്തരും പറയുന്നു– നമ്മുടെ സംസ്ഥാനത്തുനിന്നും ഈ സാധനങ്ങൾ പുറത്ത് പോകരുത്. മുമ്പുകാലത്ത് രാജാവിന്റെ ആജ്ഞ മുഴുവൻ പ്രജകളും അനുസരിച്ചിരുന്നു. രാജാവിനെ മാതാപിതാവ്, അന്ന ദാതാവ് എന്നാണ് വിളിച്ചിരുന്നത്. ഇപ്പോഴാണെങ്കിൽ രാജാവും റാണിയും ആരുമില്ല. വേറെ വേറെ കഷ്ണങ്ങളായി. എത്ര ഉപദ്രവങ്ങൾ ഉണ്ടാകുന്നു. പെട്ടെന്ന് വെള്ളപ്പൊക്കം ഉണ്ടാകുന്നു, ഭൂകമ്പം ഉണ്ടാകുന്നു, ഇതെല്ലാം ദുഃഖിപ്പിക്കുന്ന മരണമാണ്.

ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ മനസ്സിലാക്കുന്നുണ്ട് നമ്മൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്. അതിനാൽ നാം വളരെ വളരെ സ്നേഹത്തോടെ പാൽക്കടലായി കഴിയണം. നമ്മൾ ഒരച്ഛന്റെ കുട്ടികളാണ് അതിനാൽ വളരെ സ്നേഹമുണ്ടായിരിക്കണം. സിംഹവും ആടും വളരെ കടുത്ത ശത്രുക്കളാണ് എന്നാൽ രമരാജ്യത്തിൽ ഇവർ ഒരുമിച്ച് വെള്ളം കുടിക്കും. ഇവിടെയാണെങ്കിൽ നോക്കൂ വീടുവീടാന്തരം വഴക്കാണ്. ദേശങ്ങൾ തമ്മിൽ വഴക്ക്, പരസ്പരം യുദ്ധം ചെയ്യുന്നു. അനേകം മതങ്ങളുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ എല്ലാവരും അനേകം തവണ ബാബയിൽ നിന്നും സമ്പത്ത് എടുത്തിട്ടുണ്ട് എന്നിട്ട് പിന്നീട് നഷ്ടപ്പെടുത്തി അർത്ഥം രാവണനുമേൽ വിജയം നേടുന്നു പിന്നീട് തോറ്റുപോകുന്നു. ഒരു ബാബയുടെ ശ്രീമതത്തിലൂടെ നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു, അതിനാലാണ് ബാബയെ ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് വിളിക്കുന്നത്. സർവ്വരുടേയും ദുഃഖ ഹർത്താ സുഖ കർത്താവ് എന്ന് വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് സുഖത്തിന്റെ വഴി പറഞ്ഞുതരികയാണ്. നിങ്ങൾ കുട്ടികൾ പരസ്പരം പാൽക്കടലായിരിക്കണം. ലോകത്തിൽ എല്ലാവരും പരസ്പരം ഉപ്പുവെള്ളമാണ്. പരസ്പരം ഉപദ്രവിക്കുന്നതിന് സമയം എടുക്കുന്നില്ല. നിങ്ങൾ ഈശ്വരീയ സന്താനങ്ങൾ പാൽക്കടലായിരിക്കണം. നിങ്ങൾ ഈശ്വരീയ സന്താനങ്ങൾ ദേവതകളേക്കാൾ ഉയർന്നവരാണ്. നിങ്ങൾ ബാബയുടെ സഹായിയായി മാറുന്നു. പുരുഷോത്തമനായി മാറുന്നതിൽ സഹായിയാണെങ്കിൽ ഇത് ഹൃദയത്തിൽ വരണം– ഞങ്ങൾ പുരുഷോത്തമരാണ്, എങ്കിൽ ഞങ്ങളിൽ ആ ദൈവീക ഗുണങ്ങളുണ്ടോ? ആസുരീയ അവഗുണങ്ങളുണ്ടെങ്കിൽ അവരെ ബാബയുടെ കുട്ടി എന്നു പറയാൻ പറ്റില്ല അതിനാലാണ് പറയുന്നത് സദ്ഗുരിവിനെ നിന്ദിച്ചവർക്ക് സദ്ഗതി ലഭിക്കില്ല. കലിയുഗത്തിലെ ഗുരുക്കന്മാർ ഇത് തങ്ങളെക്കുറിച്ചാണ് എന്ന് പറഞ്ഞ് മനുഷ്യരെ പേടിപ്പിക്കുന്നു. അതിനാൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്– അച്ഛന്റെ പേര് പ്രശസ്തമാക്കുന്നവരാണ് സൽപുത്രന്മാർ, അവർ പാൽക്കടലായിരിക്കും. ബാബ എപ്പോഴും പറയുന്നു– പാൽക്കടലാകൂ. ഉപ്പുവെള്ളമായി പരസ്പരം വഴക്കടിക്കരുത്. നിങ്ങൾക്ക് ഇവിടെ പാലാഴിയാവണം. പരസ്പരം വളരെ അധികം സ്നേഹം ഉണ്ടാകണം എന്തെന്നാൽ നിങ്ങൾ ഈശ്വരീയ സന്താനങ്ങളല്ലേ. ഈശ്വരൻ അതിസ്നേഹിയാണ് അതിനാലാണ് ഈശ്വരനെ എല്ലാവരും ഓർമ്മിക്കുന്നത്. അതിനാൽ നിങ്ങൾക്ക് പരസ്പരം വളരെ അധികം സ്നേഹം വേണം. ഇല്ലെങ്കിൽ ബാബയുടെ മാനം നഷ്ടമാകും. ഈശ്വരന്റെ കുട്ടികൾക്ക് എങ്ങനെ പരസ്പരം ഉപ്പുവെള്ളമാകാൻ സാധിക്കും, പിന്നീട് എങ്ങനെ പദവി നേടാൻ പറ്റും. ബാബ മനസ്സിലാക്കിത്തരുന്നു പരസ്പരം പാൽക്കടലായിരിക്കൂ. ഉപ്പുവെള്ളമായാൽ ഒന്നും ധാരണയാവില്ല. അഥവാ ബാബയുടെ നിർദ്ദേശാനുസരണം നടക്കുന്നില്ലെങ്കിൽ പിന്നെ ഉയർന്ന പദവി എങ്ങനെ നേടും. ദേഹാഭിമാനത്തിലേയ്ക്ക് വരുന്നതിനാലാണ് പരസ്പരം വഴക്കടിക്കുന്നത്. ദേഹീ അഭിമാനിയാണെങ്കിൽ ഒരു വഴക്കും ഉണ്ടാകില്ല. ഈശ്വരീയ പിതാവിനെ ലഭിച്ചിരിക്കുന്നു അതിനാൽ ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. ആത്മാവിന് ബാബയെപ്പോലെയായി മാറണം. എങ്ങനെയാണോ ബാബയിൽ പവിത്രത, സുഖം, സ്നേഹം മുതലായവയുള്ളത് അതുപോലെ നിങ്ങൾക്കും ആവണം. ഇല്ലെങ്കിൽ ഉയർന്ന പദവി നേടാൻ പറ്റില്ല. പഠിച്ച് ബാബയിൽ നിന്നും ഉയർന്ന സമ്പത്ത് നേടണം, ആരാണോ ഒരുപാടുപേരുടെ മംഗളം ചെയ്യുന്നത് അവരാണ് രാജാവും റാണിയുമായി മാറുന്നത്. ബാക്കിയുള്ളവർ ദാസ ദാസിമാരാകും. മനസ്സിലാക്കാൻ പറ്റുമല്ലോ– ആര് ആര് എന്താകുമെന്ന്? പഠിക്കുന്നവർക്ക് സ്വയം മനസ്സിലാക്കാൻ സാധിക്കും– ഈ കണക്കുവെച്ച് ഞങ്ങൾ ബാബയ്ക്ക് എന്ത് പേര് നേടിക്കൊടുക്കും. ഈശ്വരന്റെ കുട്ടികൾ അതിസ്നേഹികളായിരിക്കണം. ആര് കണ്ടാലും സന്തോഷിക്കണം. ബാബയ്ക്ക് അവർ മധുരമായി അനുഭവപ്പെടും. ആദ്യം വീടിനെ നേരെയാക്കൂ. ആദ്യം വീട് പിന്നെ മറ്റുള്ളവരെ നേരെയാക്കൂ. ഗൃഹസ്ഥവ്യവഹാരത്തിൽ താമരപ്പൂവിനു സമാനം പവിത്രമായും പാൽക്കടലായും ഇരിക്കൂ. ആര് കണ്ടാലും പറയണം– ആഹാ! ഇവിടെ സ്വർഗ്ഗം തന്നെയുണ്ട്. അജ്ഞാനകാലത്തുപോലും ബാബ ഇങ്ങനെയുള്ള വീടുകൾ കണ്ടിട്ടുണ്ട്. 6–7 മക്കൾ വിവാഹം കഴിച്ച് ഒരുമിച്ച് താമസിക്കുന്നുണ്ടാകും. എല്ലാവരും അതിരാവിലെ ഉണർന്ന് ഭക്തി ചെയ്യും. വീട്ടിൽ പൂർണ്ണമായും ശാന്തി നിലനിൽക്കും. ഇതാണെങ്കിൽ നിങ്ങളുടെ ഈശ്വരീയ കുടുംബമാണ്. ഹംസവും കൊക്കും ഒരുമിച്ചിരിക്കുക സാധ്യമല്ല. നിങ്ങൾക്ക് ഹംസമായി മാറണം. ഉപ്പുവെള്ളമായാൽ ബാബയ്ക്ക് ഇഷ്ടമാകില്ല. ബാബ പറയുന്നു നിങ്ങൾ എത്ര ചീത്തപ്പേരുണ്ടാക്കുന്നു. അഥവാ പാൽക്കടലായി ഇരിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല, വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ബാബയുടേതായി മാറിയിട്ട് പിന്നീട് ഉപ്പുവെള്ളമാവുകയാണെങ്കിൽ നൂറുശതമാനം ശിക്ഷ അനുഭവിക്കേണ്ടിവരും. പിന്നീട് ഞാൻ എന്ത് പദവി നേടും എന്നതും നിങ്ങൾക്ക് സാക്ഷാത്ക്കാരം ഉണ്ടായിക്കൊണ്ടിരിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം-**

1) സദാ ശ്രദ്ധവേണം- നമ്മൾ ഈശ്വരന്റെ കുട്ടികളാണ്, നമുക്ക് വളരെ സ്നേഹിയായി കഴിയണം. പരസ്പരം ഒരിയ്ക്കലും ഉപ്പുവെള്ളമാകരുത്. ആദ്യം സ്വയം നേരെയാവണം പിന്നീട് മറ്റുള്ളവരെ നേരെയാക്കുന്നതിനുള്ള പഠിപ്പ് നൽകണം.

2) എങ്ങനെ ബാബയിൽ പവിത്രത, സുഖം, സ്നേഹം മുതലായ സർവ്വഗുണങ്ങളുമുണ്ടോ, അതുപോലെ ബാബയ്ക്ക് സമാനമായി മാറണം. സദ്ഗുരുവിന്റെ നിന്ദ ഉണ്ടാകുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. തന്റെ പെരുമാറ്റത്തിലൂടെ ബാബയുടെ പേരിനെ പ്രശസ്ഥമാക്കണം.

## വരദാനം:- ബാബയുടെയും പ്രാപ്തിയുടെയും സ്മൃതിയിലൂടെ സദാ ധൈര്യത്തിലും ഉല്ലാസത്തിലും ഇരിക്കുന്ന ഏകരസവും അചഞ്ചലരുമായി ഭവിക്കട്ടെ.

ബാബ മുഖേന ജനിച്ചപ്പോൾ തന്നെ എന്തെല്ലാം പ്രാപ്തികൾ ലഭിച്ചുവോ അതിന്റെ ലിസ്റ്റ് സദാ മുന്നിൽ വെക്കൂ. പ്രാപ്തി അചഞ്ചലവും ദൃഢവുമാണെങ്കിൽ ധൈര്യവും ഉല്ലാസവും അചഞ്ചലമായിരിക്കണം. അചഞ്ചലത്തിന് പകരം അഥവാ മനസ്സ് എപ്പോഴെങ്കിലും ചഞ്ചലതയിൽ വരുന്നുണ്ടെങ്കിൽ ഇതിന്റെ കാരണമാണ് ബാബയെയും പ്രാപ്തികളെയും സദാ മുന്നിൽ വെക്കുന്നില്ല. സർവ്വപ്രാപ്തികളുടെ അനുഭവം സദാ മുന്നിൽ അഥവാ സ്മൃതിയിരിക്കുകയാണെങ്കിൽ എല്ലാ വിഘ്നങ്ങളും സമാപ്തമാകും, സദാ നവോന്മേഷം, പുത്തൻ ഉല്ലാസം ഉണ്ടാകും. സ്ഥിതി ഏകരസവും അചഞ്ചലവുമായിരിക്കും.

## സ്ലോഗൻ:- ഏത് വിധത്തിലുള്ള സേവയിലും സദാ സന്തുഷ്ടമായിരിക്കുന്നവർ തന്നെയാണ് നല്ല മാർക്ക് വാങ്ങുന്നത്.

**അവ്യക്ത സൂചനകൾ- സത്യതയുടെയും സഭ്യതയുടെയും സംസ്കാരം സ്വായത്തമാക്കൂ.**
താങ്കൾ ബ്രാഹ്മണാത്മാക്കൾ വളരെ-വളരെ റോയലാണ്. താങ്കളുടെ മുഖവും പെരുമാറ്റവും രണ്ടും തന്നെ സത്യതയുടെയും സഭ്യതയുടെയും അനുഭവം ചെയ്യിപ്പിക്കണം. അതുകൊണ്ടാണ് റോയലായ ആത്മാക്കളെ സഭ്യതയുടെ ദേവി എന്നറിയപ്പെടുന്നത്. അവരുടെ സംസാരം, നോട്ടം, നടത്തം, കഴിക്കലും കുടിക്കലും, ഇരിക്കലും എഴുന്നേൽക്കലും, ഓരോ കർമ്മത്തിലും സഭ്യത സ്വതവേ തന്നെ കാണപ്പെടുന്നു. ഞാൻ സത്യത തെളിയിച്ചുകൊണ്ടിരിക്കുകയാണ് എന്നാൽ സഭ്യതയേയില്ല, ഇങ്ങനെയാകരുത്. എങ്കിൽ ഇത് ശരിയല്ല.